<u>**15 -ാം കേരള നിയമസഭ**</u>

<u>**8 -ാം സമ്മേളനം**</u>

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5178** — **14-03-2023 - ൽ മറുപടിയ്ക്ക്**

## ഉപയോഗശൂന്യമായി കിടക്കുന്ന പുറമ്പോക്ക് ഭൂമി

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ ഡി കെ മുരളി</th><th colspan="2">ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് ഉപയോഗശൂന്യമായി കിടക്കുന്ന എത്ര ഏക്കർ റവന്യൂ പുറമ്പോക്ക് ഭൂമിയുണ്ടെന്ന വിവരം ലഭ്യമാക്കാമോ;</td><td>(എ)</td><td>സർക്കാർ ഭൂമിയുടെ ഉപയുക്തത സംബന്ധിച്ച പരിശോധന നടത്തുകയോ ഏതെങ്കിലും ഭൂമി ഉപയോഗ ശൂന്യമെന്ന തിട്ടപ്പെടുത്തുകയോ ചെയ്തിട്ടില്ലാത്തതാണ്.</td></tr>
<tr><td>(ബി)</td><td>റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഉപയോഗശൂന്യമായി കിടക്കുന്ന പുറമ്പോക്ക് ഭൂമി അന്യാധീനപ്പെട്ട് പോകാതിരിക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;</td><td>(ബി)</td><td>റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പുറമ്പോക്ക് ഭൂമി, അന്യാധീനപ്പെട്ട് പോകാതിരിക്കാനായി അതിർത്തി തിരിച്ച് സംരക്ഷിച്ച് വരുന്നു. പ്രസ്തുത ഭൂമിയിൽ അനധികൃത കൈയ്യേറ്റം കണ്ടെത്തുന്ന പക്ഷം ആയത് ഒഴിപ്പിയ്ക്കുന്നതിന് 1957-ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.</td></tr>
<tr><td>(സി)</td><td>വാമനപുരം മണ്ഡലത്തിൽ എവിടെയൊക്കെയാണ് നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന റവന്യൂ പുറമ്പോക്ക് ഭൂമിയുള്ളതെന്ന് വില്ലേജ്, സ്ഥലം, വിസ്തീർണം എന്നിവ തിരിച്ച് നൽകാമോ?</td><td>(സി)</td><td>വാമനപുരം മണ്ഡലത്തിൽ 11.3941 ഹെക്ടർ റവന്യൂ പുറമ്പോക്ക് ഭൂമിയാണ് നിലവിൽ ഉപയോഗിയ്ക്കാതെ കിടക്കുന്നത്. ആയതിന്റെ വിശദ വിവരം താഴെ പറയുന്നു.<br>
<table>
<tr><th>ക്രമ നമ്പർ</th><th>വില്ലേജ്</th><th>വിസ്തീർണ്ണം (ഹെക്ടർ)</th></tr>
<tr><td>1</td><td>വാമനപുരം</td><td>01.0155</td></tr>
<tr><td>2</td><td>പുല്ലമ്പാറ</td><td>00.1440</td></tr>
<tr><td>3</td><td>പനവൂർ</td><td>03.7020</td></tr>
<tr><td>4</td><td>പെരിങ്ങമ്മല</td><td>3.2887</td></tr>
<tr><td>5</td><td>തെന്നൂർ</td><td>01.7538</td></tr>
<tr><td>6</td><td>നെല്ലനാട്</td><td>01.4900</td></tr>
</table>
</td></tr>
</table>

സെക്ഷൻ ഓഫീസർ